പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*222

05.10.2016 -ലെ മറുപടിയ്ക്ക്

# ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് ബിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. ഐ.ബി.സതീഷ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് 2015 കരട് ബില്ലിലെ വ്യവസ്ഥകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടെങ്കിൽ അതിലെ പ്രധാന തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് 2015 കരട് ബില്ലിലെ വ്യവസ്ഥകൾ തൊഴിൽ വകുപ്പ് പരിശോധനക്ക് വിധേയമാക്കിയതിൽ കാണാൻ കഴിഞ്ഞ പ്രധാനപ്പെട്ട തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ലേഓഫ്, റീട്രഞ്ച്മെന്റ്, അടച്ചുപൂട്ടൽ എന്നിവയുടെ വ്യവസ്ഥകൾ 50-ൽ താഴെ ജോലിക്കാരുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കരുതെന്ന് നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥയു ണ്ട്.<br><br>2.സ്ഥാപനം അടച്ചുപൂട്ടുന്നതിന് 90 ദിവസത്തെ മുൻകൂർ അനുമതി ആവശ്യമാണെന്നത് 60 ദിവസമായി കുറയ്ക്കുന്നതിന് വ്യവസ്ഥ യുണ്ട്. കൂടാതെ, മുൻകൂർ അനുമതി 300 ഉം അതിലധികവും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. നിലവിൽ ഇത് 100 ഉം അതിലധികവും തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്കാണ് ബാധകം. തൊഴിലുടമക ളുടെ നിയന്ത്രണത്തിനുപരിയായുള്ള കാരണങ്ങളിലാണ് അടച്ചുപൂട്ടൽ സംഭവിക്കുന്നതെങ്കിൽ തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക അയാളുടെ 3 മാസത്തെ ശരാശരി വേതനം വരെയായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. |

3.ട്രേഡ് യൂണിയൻ ഭാരവാഹികളായി പുറമേ നിന്നുള്ളവരെ ഉൾപ്പെടുത്തുന്നതിൽ നിയന്ത്രണം ബിൽ വ്യവസ്ഥ ചെയ്യുന്നു. ആകെ ഭാരവാഹികളിൽ പരമാവധി രണ്ടു പേർ മാത്രമെ വ്യവസായവുമായോ സ്ഥാപനവുമായോ ബന്ധമില്ലാത്തവരാകാൻ പാടുള്ളൂ.

(ബി) സംഘടനാ സ്വാതന്ത്ര്യവും സംഘടനകളുടെ പ്രവർത്തനവും നിർവീര്യമാക്കുന്ന ഈ ബില്ലിലെ നിർദ്ദേശങ്ങളോട് സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങളോട് യോജിക്കുന്നില്ല.

സി) പ്രസ്തുത ബിൽ നിയമമായാൽ സംസ്ഥാനത്തെ തൊഴിൽ മേഖലയിലുണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ പരിഗണിച്ച് നിയമനിർമ്മാണത്തിൽ നിന്ന് പിൻതിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനുള്ള നടപടി സ്വീകരിക്കുമോ?

(സി) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ